# KOLLAM CITY POLICE

www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/

Dated 06/01/ 2018

## കൊല്ലം സിറ്റി പോലീസ് ഓഫീസ് – ISO 9001: 2015 പദവി പ്രഖ്യാപനം- മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിക്കുന്നു.




കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിനു ISO 9001: 2015 പദവി പ്രഖ്യാപനം ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിക്കുന്നു. 7.01.2018 ഉച്ചയ്ക്ക് 12.00 മണിക്ക് ജില്ലാപോലീസ് ആസ്ഥാനത്ത് നടക്കുന്ന ചടങ്ങിൽ വച്ചാണ് പ്രഖ്യാപനം നടത്തുന്നത്. പൊതുജനങ്ങൾക്കും പോലീസ് സേനാംഗങ്ങൾക്കും ലഭിക്കേണ്ട സേവനം മികവുറ്റ രീതിയിൽ കാര്യക്ഷമമായി നൽകിയതിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ചതിനാലാണ് ഇപ്രകാരം അംഗീകാരം നേടുന്നതിന് കൊല്ലം സിറ്റി ജില്ലാ പോലീസ് ആഫീസിനു സാധ്യമായത്. ISO 9001: 2015 അംഗീകാരം നേടുന്ന ഇൻഡ്യയിലെ രണ്ടാമത്തേതും കേരളത്തിലെ ആദ്യത്തേതും ആയ പോലീസ് ജില്ലാ ആഫീസ് ആണ് കൊല്ലം സിറ്റി ജില്ലാ പോലീസ് ഓഫീസ്. ISO സർട്ടിഫിക്കറ്റ് അംഗീകാരത്തിലൂടെ സിറ്റി പോലീസ് കാര്യാലയത്തിലെ ജീവനക്കാർക്ക് അഭിമാനബോധത്തോടെയും അർപ്പണ മനോഭാവത്തോടെയും സമൂഹത്തോടുള്ള പ്രതിബദ്ധത നിറവേറ്റാൻ കഴിയുമെന്ന് സിറ്റി പോലീസ് കമ്മീഷണർ ശ്രീമതി അജീതാ ബേഗം ഐപിഎസ് അറിയിച്ചു. കൊല്ലം സിറ്റി ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായ ഭവന സന്ദർശന പൂർത്തികരണ പ്രഖ്യാപനവും തദവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കും. 2017 ഡിസംബർ 31 നകം തന്നെ സിറ്റി പോലീസ് പരിധിയിലെ എല്ലാ വീടുകളും ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി പോലീസ് സന്ദർശനം നടത്തി വിവരശേഖരണം നടത്തിയിരുന്നു.

സ്ത്രീകളുടെ ഉന്നമനത്തിനും, സ്വയം പ്രതിരോധത്തിനുമായി കൊല്ലം സിറ്റി പോലീസ് ആവിഷ്കരിച്ച നിർഭയസേവന പദ്ധതിയുടെയും, പ്രത്യേക പരിശീലനം നേടിയ നിർഭയ വാളണ്ടിയർമാർക്കുള്ള വേതന വിതരണത്തിന്റെയും ഉദ്ഘാടനം സുപ്രസിദ്ധ ചലചിത്ര താരം ശ്രീമതി മഞ്ജുവാര്യർ തദവസരത്തിൽ നിർവഹിക്കുന്നു. ജില്ലാപോലീസ് ആസ്ഥാന അങ്കണത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ ബഹു. ഫിഷറീസ് വകുപ്പു മന്ത്രി ശ്രീമതി മെഴ്സികുട്ടിയമ്മ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജഗദമ്മ ടീച്ചർ, പോലീസ് സംഘടനഭാരവാഹികൾ തുടങ്ങിയ പ്രമുഖർ പങ്കെടുക്കുന്നു